## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5460.

27-03-2018 ൽ മറുപടിയ്ക്ക്

### പെരിന്തൽമണ്ണ കന്തിപ്പാറ തോട് മൂലം കർഷകർ നേരിടുന്ന നാശനഷ്ടങ്ങൾ

**ചോദ്യം**

ശ്രീ.മഞ്ഞളാംകുഴി അലി

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ കന്തിപ്പാറ തോട് കരകവിഞ്ഞൊഴുകുന്നത് മൂലം കർഷകർ നേരിടുന്ന നാശനഷ്ടങ്ങൾ ഒഴിവാക്കുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നത് പരിശോധിയ്ക്കുന്നതിനായി ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ വെട്ടത്തൂർ പഞ്ചായത്തിൽ പോബ്സൺ റോഡിനേയും മേൽക്കുളങ്ങര റോഡിനെയും ബന്ധിപ്പിക്കുന്ന ജൂബിലി റോഡിന് സമാന്തരമായി ഒഴുകുന്ന തോട് കഴിഞ്ഞ മഴക്കാലത്ത് പൊട്ടിയൊലിച്ചു പോയിരുന്നു. പ്രസ്തുത തോടിന്റെ പേര് പൊട്ടിപ്പാറ തോട് എന്നാണ്. ആയത് കൃഷി ഓഫീസറും ഇറിഗേഷൻ എഞ്ചിനീയറും ജല സംരക്ഷണ ഉപദൗത്യം പദ്ധതിയുമായി ബന്ധപ്പെട്ട് പരിശോധന നടത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (ബി) | ഇല്ല. |
| (സി) | പ്രസ്തുത തോടിന്റെ ഇരുകരകളിലും കൃഷിയ്ക്കും മറ്റ് സ്വത്ത് വകകൾക്കും സംരക്ഷണമേർപ്പെടുത്തുന്ന തരത്തിലുള്ള സ്ഥിരം സംവിധാനം അടിയന്തരമായി ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിയ്ക്കുമോ? | (സി) | ആവശ്യമായ നടപടികൾ പഞ്ചായത്തുമായി ആലോചിച്ച് സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ